ശസ്ത്രക്രിയ

ഈ കഥയിലെ വിഷയങ്ങൾ 1. മാതൃത്വം..... അമ്മയുടെ മാനസികാവസ്ഥയിൽ മകനെ പ്രസവിച്ച് വളർത്തിയ പഴയകാലം തിരിച്ചു വരുന്നു.(കുട്ടിക്കാലത്ത് സ്നേഹം പ്രകടിപ്പിക്കാതിരുന്ന അമ്മ ഗർഭപാത്രം നഷ്ടപ്പെടുമെന്ന ഭയത്തിൽ മകൻ കൂടി നഷ്ടപ്പെടുമെന്ന് പേടിക്കുന്നു.അമ്മയിൽ ആർദ്രതയുടെ സ്ഫോടനം ഉണ്ടായി.)**കഥയിലെ സന്ദർഭങ്ങൾ**അടുത്തു കിടന്നപ്പോൾ ഹരിനാമ കീർത്തനം ചൊല്ലുന്നു. ആലിന്റെ വേടു പോലുള്ള വിരലുകൾ മകന്റെ തലയിലൂടെ ഞാവി നടക്കുന്നു.കുളിച്ചു വരുമ്പോൾ തല തോർത്തി രാസ്നാദിപ്പൊടിയിടുന്നു.ചോറ് വിളമ്പുന്നു.മകന്റെ കൈകളെടുത്ത് മാറത്തടക്കി പിടിക്കുന്നു.മകനെ ഉറക്കാൻ താളം പിടിക്കുന്നു.ഹോം വർക്ക് ചെയ്യിക്കാൻ വേണ്ടി മകനെ പിടിച്ചിരുത്തുന്നതു പോലെ ഓപ്പറേഷൻ നടത്താൻ നിർബന്ധിക്കുന്നു,തള്ളയുടെ വിളി കേട്ട് ഓടുന്ന പൈതലിനെപ്പോലെ തിയേറ്റലിലേക്ക് ഓടുന്നു, ഗർഭപാത്രം മുറിച്ചു നീക്കിയപ്പോൾ പ്രസവിച്ചു വീണ കുഞ്ഞിനെ നോക്കുമ്പോലെ മകനെ നോക്കുന്ന അമ്മ.

*ഈ അമ്മ ഒറ്റ മകനെ വളർത്തിയത് സ്നേഹം പ്രകടിപ്പിക്കാതെയായിരുന്നു. ഓപ്പറേഷനായപ്പോൾ അമ്മയിൽ ആർദ്രതയുടെ സ്ഫോടനം ഉണ്ടായി*******

2. മാനസിക സംഘർഷം .....3 പേർക്ക് ഈ സംഘർഷം ഉണ്ട്. **അമ്മ** മകനെ നൊന്തു പ്രസവിച്ച ഗർഭപാത്രം മുറിച്ചു മാറ്റുന്നത് ആകെയുള്ള മകനെ നഷ്ടപ്പെടുന്നതു പോലെയായിരുന്നു.അമ്മ ഭയത്തെ മറി കടന്നത് വളർന്നു പോയ മകനെ വീണ്ടും കൊച്ചു കുഞ്ഞാക്കി ലാളിച്ചിട്ടാണ്. ഇത് അമ്മയുടെ സംഘർഷത്തെയാണ് കാണിക്കുന്നത്. പുറമേക്ക് അവർ പ്രസന്നയായെങ്കിലും.മകൻ തന്നെ ഓപ്പറേഷൻചെയ്യണമെന്ന് ശഠിക്കുമ്പോൾ ഈ സംഘർഷം തെളിയുന്നു. ** മകൻ ** മുതിർന്ന തന്നെ കൊച്ചായി കാണുന്നത് മകന് മനസ്സിലാകുന്നില്ല.ഒടുവിൽ വിധേയപ്പെടുന്നു.അത് ആസ്വദിക്കുന്നു.അമ്മയുടെ മാറ്റത്തെ സംശയത്തോടെ കാണുന്നു. അമ്മയ്ക്ക് എന്ത് സംഭവിക്കുന്നു എന്നറിയാത്ത അമ്പരപ്പ്. അമ്മയുടെ ലാളനയിൽ കുട്ടിക്കാലത്തിന്റെ സുഖം ലഭിക്കുന്നു.അമ്മയുടെ ഓപ്പറേഷന് നിർബന്ധിതനായപ്പോൾ ഡോക്ടർക്ക് അറിവും ഉദ്യോഗവും ശാപമായി തോന്നുന്നു.പേജ് നമ്പർ 107 - ൽ (പിന്നീട് , എവിടെയോ വച്ച് അറിവിന്റെ ശപ്തമായ ഏതോ മുഹൂർത്തത്തിൽ വച്ച്, ആ കറുത്ത കൂട്ടുകാരന്റെ പിറകെ കൂടിയതാണ്.)***3. ഓർമ്മകളുടെ ശക്തി ....***..അമ്മയ്ക്കും മകനും ഓർമ്മകളുണ്ട്....അമ്മ പഴയ ഓർമ്മകളെ ഇന്നത്തെ അവസ്ഥയായി കണ്ട് പെരുമാറുന്നു....മുതിർന്ന മകനെ കുട്ടിയായി കാണുന്നു.മകനാകട്ടെ അമ്മയ്ക്ക് വേണ്ടി വിധേയപ്പെട്ട് നിൽക്കുന്നു. മാത്രമല്ല, ഒരു ഘട്ടത്തിൽ പഴയ കുട്ടിക്കാലത്തിന്റെ ഓർമ്മകളിൽ അയാൾ മുങ്ങുന്നു...കുട്ടിക്കാലത്തിനു ശേഷം ഉണ്ടായ ഗൗരവമായ പഠന കാലത്തേക്കാൾ അയാൾ കുട്ടിത്തത്തിന്റെ ഓർമ്മകളെ സ്നേഹിച്ചു.പേജ് 106-ൽ (ജനറൽ ഹോസ്പിറ്റലിലെ സീനിയർ സർജനെന്ന ഉത്തരവാദിത്വം വല്ലാത്തൊരു വച്ചുകെട്ടായി എനിക്ക് അനുഭവപ്പെട്ടു.)**ചോ. 1)** ഈ കഥയിലെ അമ്മയും ഓർമ്മകളുടെ ഞരമ്പിലെ അമ്മയും മാതൃത്വത്തിന്റെ വിഹ്വലതയും നിസ്സഹായതയും ബലഹീനതയും മനസ്സിൽ പേറിക്കൊണ്ടിരിക്കുന്നു.....(ഉ.....ഓർമ്മയുടെ ഞരമ്പിലെ വൃദ്ധയ്ക്ക് മക്കൾക്ക് പേരിടാനും അവരുടെ കൂടെ സഞ്ചരിക്കാനും സ്വാതന്ത്ര്യമില്ല.സ്വന്തം മക്കളിലുള്ള , ജന്മം നൽകിയതിലുള്ള അവകാശം ഇല്ലാതായവളാണ്.ശസ്ത്രക്രിയയിലെ അമ്മ ഏക മകനെ നഷ്ടപ്പെടാതിരിക്കാനായി ഇറുകിപിടിക്കുന്നു)**ചോ. 2)** അമ്മയുടെ മാനസിക ലോകത്തിന്റെ ശസ്ത്രക്രിയയാണ് ഈ കഥ...(ഉ...അമ്മയുടെ ഭയം മാറുന്നത് മകന്റെ കുട്ടിക്കാലത്തെ പുന:സൃഷ്ടിച്ചിട്ടാണ്.ഇത് വിശദമായി എഴുതുക.മകന്റെ ഭാര്യയോട് സമ്മതം ചോദിച്ചത് അമ്മയുടെ മനസ്സിന്റെ വിശാലത കാണിക്കുന്നു.മകനെ കൊണ്ട് തന്നെ ഓപ്പറേഷൻ ചെയ്യിക്കുന്നു.) **ചോ. 3)** ഗർഭപാത്രം നീക്കം ചെയ്യുന്ന ഓപ്പറേഷൻ പ്രസവ മുഹൂർത്തം പോലെ ആവിഷ്കരിക്കുന്നു.(ഉ....ഗർഭപാത്രത്തെ ഓപ്പറേറ്റ് ചെയ്ത മകനെ അമ്മ നോക്കിയത് പ്രസവിച്ചു വീണ കുഞ്ഞിനെ നോക്കുമ്പോലെയാണ്, നിർവൃതിയോടെയാണ്.തള്ളയുടെ വിളി കേട്ട പൈതലിനെപ്പോലെയാണ് ഡോക്ടറായ മകൻ ഓപ്പറേഷനു വേണ്ടി അമ്മയ്ക്കരികിലേക്ക് കുതിച്ചത്.**ചോ. 4)** കുട്ടിക്കാലത്തിന്റെ പ്രസന്നതയെക്കുറിച്ച് മകൻ അനുഭവിക്കുന്നത് **ചോ. 5)ഗർഭപാത്രം ഒരു പ്രതീകമാകുന്നുണ്ടോ..**.(ഉ....അമ്മയ്ക്ക് ഗർഭപാത്രം മുറിയുന്നത് മകനുമായുള്ള ബന്ധം മുറിയുന്നതു പോലെയാണ്.ആ ഭയത്തെ മറി കടക്കുന്നത് മുതിർന്ന മകനെ കുഞ്ഞായി കണ്ട് ഉറക്കിയും ലാളിച്ചിട്ടുമാണ്.അമ്മയുടെ മനസ്സിൽ കിടക്കുന്ന ഭയം ഗർഭപാത്രത്തെക്കുറിച്ചാണ്.അതാണ് അമ്മയും മകനുമായുള്ള ബന്ധത്തെ നിലനിർത്തുന്നത്.അതാണ് നഷ്ടപ്പെടുന്നത്.അമ്മയുടെ ഈ മനസ്സിന്റെ അകത്ത് എഴുതപ്പെട്ട കഥയിൽ ഗർഭപാത്രം ഒരു പ്രതീകമായി മാറുന്നു.ഓപ്പറേഷനു ശേഷം അത് നഷ്ടപ്പെട്ടതിലുള്ള വേദന അമ്മയ്ക്കുണ്ടാകുന്നില്ല.അമ്മ ഗർഭപാത്രം ഓപ്പറേഷൻ ചെയ്ത മകനെ പ്രസവിച്ചു വീണ കുഞ്ഞിനെപ്പോലെ കാണുന്നു. ഗർഭപാത്രം പോയതിന്റെ വേദന അമ്മയ്ക്കുണ്ടാകുന്നില്ല. വീണ്ടുമൊരു പ്രസവം നടന്നുവെന്നും അതിൽ ഉണ്ടായ കുഞ്ഞ് തന്റെ മകനായി മുമ്പിൽ നിൽക്കുകയാണെന്നും അമ്മ വിശ്വസിക്കുന്നു.ഗർഭപാത്രം മാതൃത്വത്തിന്റെ സ്നേഹവും വേദനകളും ഉൾച്ചേർന്ന പ്രതീകമായി മാറുന്നു.അത് വെറുമൊരു അവയവമല്ല...പകരം മുതിർന്ന മകനെപ്പോലും അമ്മയോട് ഇപ്പോഴും ബന്ധപ്പെടുത്തുന്നത് ഈ ഗർഭപാത്രത്തിന്റെ നിലനിൽപ്പാണ്.അതിന്റെ സാനിധ്യമാണ്.അതുകൊണ്ടാണ് ഈ ഗർഭപാത്രത്തിൽ നിന്നും ഉരുവായ മകനെക്കൊണ്ട് തന്നെ അത് ഓപ്പറേറ്റ് ചെയ്യിച്ചത്.

സംക്രമണം

വിഷയം 1...സ്ത്രീയെ അവയവങ്ങളായി കാണുന്നു. പുരുഷവർഗ്ഗം സ്ത്രീയെ കാണുന്നത് അവയവ സൗന്ദര്യത്തോടെയെയാണ്.(ഒരു കുറ്റിച്ചൂല് ,ഒരു നാറച്ചെപ്പ് , ഞണുങ്ങിയ വക്കാർന്ന ഒരു കഞ്ഞിപ്പാത്രം , ഒരട്ടി മണ്ണ്.)അത് അറിയുന്ന കവി സ്ത്രീയുടെ സംക്രമണം(പ്രതികാരം)നിർവ്വഹിക്കുന്നത് ഓരോ അവയവത്തേയും അഴിച്ചു പണിതിട്ടാണ്.**വിഷയം.....2....**ഈ കവിത സ്ത്രീയാഥാർത്ഥ്യത്തിന്റെ സാംസ്ക്കാരികമായ ഒരു മോർഫിങ്ങ് ആണ്. **വിഷയം.....3...** പുരുഷാധിപത്യ സംസ്ക്കാരം കൊന്ന് അളിഞ്ഞു പോയി ചീഞ്ഞു നാറുന്ന സ്ത്രീത്വത്തിന്റെ ഇന്നത്തെ ദാരുണമായ അവസ്ഥയാണ് ഈ കവിത നമ്മെ അറിയിക്കുന്നത്....സ്ത്രീയുടെ ജഡത്തിന്റെ ചീഞ്ഞ നാറ്റം പുരുഷന്റെ ഉള്ളിൽ നിന്നുമാണ് പുറമേ

ക്ക് വരുന്നത്.**വിഷയം.....3...സ്ത്രീയുടെ സംക്രമണം കവി ചെയ്യുന്നതെങ്ങനെ?** സ്ത്രീയുടെ ഗതി കിട്ടാത്ത ആത്മാവിനെ വിശക്കുമ്പോൾ ഊരിലിറങ്ങി മനുഷ്യമാംസം തിന്നുന്ന കടുവയിൽ വച്ചു.ഉണ്ണികൾക്ക് ഉറങ്ങുമ്പോൾ അതിന്റെ മുരൾച്ച കേൾക്കാം...സ്ത്രീ ഏറ്റവും നിർവ്യതിയടയുന്ന ഉണ്ണികൾക്ക് പോലും ഭയമുണ്ടാകുന്നവളായി അവൾ മാറുന്നു.അവളുടെ നാവിനെ വിശക്കുമ്പോൾ ഇരയെ വളഞ്ഞു കൊല്ലുന്ന ചെന്നായയിൽ ചേർക്കുന്നു.ചെന്നായ കൂട്ടമായാണ് ,റ പോലെ വളഞ്ഞ് നിന്നാണ് ഇരയെ ആക്രമിക്കുന്നത് അപ്പോൾ സ്ത്രീ കൂട്ടായ്മയുടെ ശക്തിയാണിത്.പട്ടണത്തിലേയും ഗ്രാമങ്ങളിലേയും ഇരമ്പുന്ന അഗ്നിയിലേക്ക് അവളുടെ വിശപ്പിനെ ചേർക്കുന്നു.വ്രണം പൊട്ടിയൊലിക്കുന്ന സന്ധ്യയിലേക്ക് അവളുടെ വേദനകളെ ചേർക്കുന്നു.കൊയ്ത്തിനു വേണ്ടി വിളഞ്ഞു കിടക്കുന്ന നിലങ്ങളെ ഉണക്കിക്കരിക്കുന്ന സൂര്യനിലേക്ക് അവളുടെ ശാപത്തെ ചേർക്കുന്നു.ഇനി പുനർജനിച്ച ഇവൾക്കും മരണമുണ്ട്.വസൂരി പടർന്ന ആകാശത്തിൽ (നക്ഷത്രങ്ങൾ ഇവിടെ വസൂരിക്കുത്തുകളാകുന്നു) ഒരു ബലിമൃഗമായിട്ടാണ് ഇനിയവളുടെ മരണത്തെ കാണുന്നത്. ***ചോദ്യം 1....*** ഓർമ്മയുടെ ഞരമ്പിലെ വൃദ്ധയും സംക്രമണത്തിലെ സ്ത്രീ വേദനകളും സമമല്ലേ....?മക്കൾക്ക് പേരിടാൻ കഴിയാത്ത , ഭർത്താവിനൊപ്പം ഡൽഹിക്ക് പോകാൻ കഴിയാത്ത, തൊഴുത്ത് നോക്കുന്ന , തുളസിത്തറയിൽ എന്നും തീ കൊളുത്തുന്ന , രചനകളുടെ രചയിതാവെന്ന സ്ഥാനം ലഭിക്കാത്ത വൃദ്ധ തന്നെയാണ് ഇവിടെ കാണുന്ന സ്ത്രീ.ഒരു കുറ്റിച്ചൂലാണാണ് ഇവൾ....ഒരു നാറത്തേപ്പ്. പെണ്ണുങ്ങളായാൽ ചോറും കറീം വയ്ക്കണം എന്നതായിരുന്നു വൃദ്ധയുടെ കാലഘട്ടം.***ചോദ്യം 2...*** **കവി പ്രയോഗിക്കുന്ന പ്രതീകങ്ങളിൽ അവ്യവസ്ഥിതത്വം ഉണ്ട്....സംക്രമണത്തിലെ പ്രതീകങ്ങൾ .അടിസ്ഥാനമാക്കി എം എൻ. വിജയന്റെ നിഗമനം പരിശോധിക്കുക.....** (((അവ്യവസ്ഥിതത്വം എന്നത് കൊണ്ട് എം.എൻ.വിജ.ൻ വിവക്ഷിക്കുന്നത് കവിതകളിൽ കാണുന്ന വാക്കുകളുടെ സാധാരണ അർത്ഥത്തിനപ്പുറത്തുള്ള മറ്റ് ആശയങ്ങളെയാണ്.എല്ലാവർക്കും പരിചിതമായ , അറിയുന്ന അർത്ഥത്തിനപ്പുറത്തുള്ള മറ്റ് അർത്ഥങ്ങളും ആശയങ്ങളും നൽകുമ്പോഴാണ് കവിത കവിതയായി മാറുന്നത്.അല്ലാത്തവ വെറും പദക്കസർത്ത് കാണിക്കുന്ന കവിതകളായിരിക്കും...പേജ് നമ്പർ 63 -ൽ കാണുന്ന ദയയൊരു ലവലേശം പോലുമില്ലാത്ത ദേശം എന്ന് തുടങ്ങുന്ന 4 വരികളിലെ ആശയത്തിൽ വാക്കുകളുടെ സാധാരണ അർത്ഥത്തിൽ നിന്നും വ്യത്യസ്തമായ മറ്റൊർത്ഥം ഇല്ല.അന്യ ദേശത്ത് കഴിയുന്നത് അത്യന്തം മോശമാണ്. അത് നരകദേശമാണ്. അവിടെ ദയ ലവലേശം പോലുമില്ലാത്തതാണ്.....ഒരു സുന്ദരിയോട് ഇങ്ങനെ പറയുകയാണ്.....)))) (((പ്രതീകം എന്താണ്? ഒരു ആശയത്തിന് പകരം വയ്ക്കാവുന്ന വസ്തുക്കളാണ് പ്രതീകങ്ങൾ...ഉദാഹരണം.....വെള്ളപ്രാവ് സമാധാനത്തിന്റെ പ്രതീകം.....))))സംക്രമണത്തിലെ പ്രതീകങ്ങൾ ഇവയാണ്.ഒരു കുറ്റിച്ചൂലാണ് സ്ത്രീ---- അവൾക്ക് വ്യക്തിത്വമില്ല.അവൾ ഒരു പണിയായുധം മാത്രമാണ്. രാവിലെ എഴുന്നേറ്റാൽ അവൾ ചൂലെടുത്തു .പണി തുടങ്ങി...മുറ്റം വൃത്തിയാകാത്ത ഒരു വീടിനു മുമ്പിൽ നിന്ന് മറ്റുള്ളവർ ചിന്തിക്കുന്നത് എന്തായിരിക്കും? ഇവിടെ സ്ത്രീകളില്ലേ എന്നല്ലേ.... ഒരു നാറത്തേപ്പാണ് സ്ത്രീ.....വീട് വെടുപ്പാക്കുന്ന ഒരു പണിയായുധമാണ് സ്ത്രീ..ആ പഴന്തുണി നാറുന്നതാണ്..എന്നാൽ വീട് വൃത്തിയുള്ളതായിത്തിരുന്നു.ഞണുങ്ങിയ വക്കാർന്ന കഞ്ഞിപ്പാത്രമാണ് സ്ത്രീ.മറ്റുള്ളവർ വിശപ്പടക്കുന്നത് അവളിലൂടെയാണ്. ഒരട്ടി മണ്ണാണ് അവൾ.....മരണപ്പെട്ടാൽ സ്ത്രീയെക്കുറിച്ചുള്ള എല്ലാ ഓർമ്മകളും പുരുഷന് നഷ്ടമായി....അവൾ വെറും മണ്ണായി.ഭാര്യ മരിച്ചാൽ വൈകാതെ വീണ്ടും വിവാഹിതരാകുന്നവർക്ക് ഭാര്യ വെറുമൊരു മണ്ണട്ടിയാണ്.എം.എൻ വിജയന്റെ നിരീക്ഷണം ശരിയാണ്.കുറ്റിച്ചൂലിനും നാറത്തേപ്പിനും മണ്ണട്ടിക്കും കഞ്ഞിപ്പാത്രത്തിനും നിലവിലുള്ള പരിചിതമായ അർത്ഥത്തിനപ്പുറത്ത് സ്ത്രീയെക്കുറിക്കാൻ സാധിച്ചു.അതിനാൽ എം.എൻ വിജയൻ പറയുമ്പോലെ അവ്യവസ്ഥിതത്വം ഉള്ളവയാണീ പ്രതീകങ്ങൾ.

വാസനാവികൃതി

വിഷയം.....1.ഈ കഥയിലെ ഹാസ്യം ..... ഇക്കണ്ടക്കുറുപ്പ് ഒരില്ലത്ത് കളവു നടത്തി.അതിൽ അവിടത്തെ അച്ഛൻ നമ്പൂതിരി മരിച്ചു.ആഭരണപ്പെട്ടി കാമുകിയായ കല്യാണിക്കുട്ടിക്ക് കൊടുത്തു.അവൾ അതിൽ നിന്നും പൂവെച്ച മോതിരം ഇക്കണ്ടക്കുറുപ്പിന് നൽകി..അന്വേഷണം കൂടിയപ്പോൾ ഇക്കണ്ടക്കുറുപ്പ് കൊച്ചിശ്ശീമയിൽ നിന്നും മദിരാശിക്ക് കടന്നു.അവിടെ കളവില്ലാതെ കഴിയാൻ തീരുമാനിച്ചെങ്കിലും ഒരു ദിവസം അതി സൗഭാഗ്യവതിയായ ഒരു തേവടിശ്ശിയെ കണ്ട് വാപൊളിച്ച് നിൽക്കുന്ന വിദ്ധ്വാന്റെ പോക്കറ്റിൽ പൂ വെച്ച മോതിരം ഇട്ട കൈ കടത്തി പരിശോധിച്ചു.പഴ്സാണെന്ന് കരുതിയത് ഒരു നോട്ടു ബുക്കായിരുന്നു.വീട്ടിൽ രാത്രിയെത്തിയപ്പോൾ മോതിരം കാണുന്നില്ല.ഒരോർമ്മയും കിട്ടിയില്ല.കല്യാണിക്കുട്ടി തന്ന മോതിരമായതിനാൽ പരാക്രമമായി.ഒടുവിൽ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു.ഈ പ്രവൃത്തിയെയാണ് കഥയുടെ തുടക്കത്തിൽ --എന്നെപ്പോലെ വിദ്ധ്ഗ്ധിത്തം കാട്ടി ശിക്ഷായോഗ്യനമാരായിത്തീർന്നവർ ചുരുക്കമായിരിക്കും- പേജ് നമ്പർ 93— എന്ന് പറഞ്ഞത്.അന്ന് ഒരു കോൺസ്റ്റബിൾ വീട്ടിൽ വന്നപ്പോൾ അയാൾക്ക് മോതിരം കിട്ടിക്കാണുമെന്ന് വിചാരിച്ച് കൈക്കൂലിയായി 5 രൂപ കൊടുത്തു.കോൺസ്റ്റബിൾ ഒരു ചോദ്യം ചോദിച്ചു ...പേജ് നമ്പർ 98— ഈ മോതിരം എന്റെ കയ്യിൽ വന്നത് എങ്ങനെയാണെന്ന് നിങ്ങൾക്ക് മനസ്സിലായോ? — **ഈ സംഭാഷണം മലയാള ചെറുകഥയിലെ ആദ്യ സംഭാഷണമാണ്.** പിന്നെ കിട്ടിയത് ഇടിയായിരുന്നു.ഇക്കണ്ടക്കുറുപ്പ് കയ്യിട്ടത് ഒരു പോലീസുകാരന്റെ പോക്കറ്റിലായിരുന്നു.അയാൾക്ക് രാത്രിയിൽ ആ നോട്ടുബുക്ക് പരിശോധിക്കാൻ തോന്നിയിരുന്നുവെങ്കിൽ ഇങ്ങനെ പിടിക്കപ്പെടില്ലായിരുന്നു.കഥയിലുടനീളം ഹാസ്യത്തിന്റെ മേമ്പൊടിയുണ്ട്.പഴയ കാലത്തിന്റെ ഭാഷയായതിനാൽ നമുക്കത് പെട്ടന്ന് കിട്ടുന്നില്ല. രണ്ടുതരം കളവിനെക്കുറിച്ച് പറയുന്നത് (തെളിനായാട്ടും തെണ്ടിനായാട്ടും) ഹാസ്യമായാണ്. പിന്നെ അതി സൗഭാഗ്യവതിയായ ഒരു തേവടിശ്ശി പീടികയിൽ സാമാനം വാങ്ങാനായി വന്നപ്പോൾ പീടികയിൽ കുറച്ച് ജനത്തിരക്കും ഉണ്ടായി എന്നിടത്ത് ഹാസ്യം വളരെ വ്യക്തമാണ്.ചിരിയും ചിന്തയും ഉണർത്തുന്ന കഥ.കഥയുടെ തുടക്കത്തിൽ തനിക്ക് പറ്റിയ അമളി തുറന്നു പറഞ്ഞതും പടി പടിയായി അത് വെളിവായതും ഹാസ്യാത്മകമാണ്.

വിഷയം.....2 ഈ കഥയിലെ ആഖ്യാന സവിശേഷത..... സംഭാഷണം കുറവാണ്..സംഭാഷണം കൂടിയാൽ നാടകത്തിന്റെ രൂപമാകുമെന്ന് കരുതിയിട്ടാകും..പേജ് നമ്പർ 98 — ഈ മോതിരം എന്റെ കയ്യിൽ വന്നത് എങ്ങനെയാണെന്ന് നിങ്ങൾക്ക് മനസ്സിലായോ? — **ഈ സംഭാഷണം മലയാള ചെറുകഥയിലെ ആദ്യ സംഭാഷണമാണ്.** കഥ മുന്നോട്ട് പോകുന്നത് കഥാപാത്രത്തെക്കൊണ്ട് തന്നെ കഥ പറയിക്കുന്നരീതിയിലാണ്.ഇത് കഥയ്ക്ക് വിശ്വാസ്യത കൂട്ടും.മോഷ്ടാവ് മോഷണത്തെക്കുറിച്ച് എഴുതുമ്പോൾ ജനം സ്വീകരിക്കണമെന്നില്ല.ഇവിടെ തനിക്ക് ഭീമമായ അമളി പറ്റി എന്ന് അവതരിപ്പിച്ചപ്പോൾ ജനം സ്വീകരിച്ചു.ഹാസ്യാത്മകമായി അവതരിപ്പിക്കുന്നു. ഒന്നേകാൽ നൂറ്റാണ്ട് മുമ്പാണ് ഇത്തരത്തിൽ ഒതുങ്ങിയഒരു കഥ രചിക്കപ്പെട്ടത് എന്നത് ശ്രദ്ധിക്കേണ്ടതാണ്.കഥയിലെ _വിശ്വാസ്യത നഷ്ടപ്പെടുന്നില്ല.**വിഷയം.....3 ദ്വേധാ നാരായണീയംഎന്ന് പട്ടേരി പറഞ്ഞതു പോലെ...** ഇക്കണ്ടക്കുറുപ്പിന്റെ നാലു തലമുറ മുമ്പ് തന്ത വഴിയിലെ ഈ പേരുള്ള കാരണവർ മോഷ്ടാവായിരുന്നു.ഇതേപോലെ നാലു തലമുറ മുമ്പ് തായ്(അമ്മ) വഴിയിലെ കാരണവരും മോഷ്ടാവായിരുന്നു. **ദ്വേധാ നാരായണീയം** എന്നതിനർത്ഥം 2 വിധത്തിലും നാരായണീയമാണ്.അതായത് നാരായണനെ(മഹാവിഷ്ണുവിനെ)ക്കുറിച്ചുള്ള കാവ്യമെന്നും മേൽപ്പത്തൂർ നാരായണ ഭട്ടതിരിയാൽ രചിക്കപ്പെട്ട കാവ്യമെന്നും...അപ്പോൾ ഇക്കണ്ടക്കുറുപ്പ് 2 പാരമ്പര്യ വഴിയിലും കള്ളൻ തന്നെ.പഴയ കാലത്തെ സമൂഹം പഴമൊഴികളെ സ്നേഹിക്കുന്നവരും അത് പ്രയോഗിക്കാൻ താല്പര്യം പുലർത്തുന്നവരുമാണ്.**ചെന്ന ദിക്കിലെല്ലാം ഈരാറ് പന്ത്രണ്ട്.....** പാപി ചെന്നേടം പാതാളം എന്ന ആശയം തന്നെ. മോഷണം പിടിക്കപ്പെടുമെന്ന് ഭയന്ന് പാഞ്ഞ് മദിരാസിയിൽ ചെന്നപ്പോൾ അവടെയും ഈരാറ് പന്ത്രണ്ടാണ്....കൂടുതൽ കഷ്ടങ്ങളാണ്.

അനുകമ്പ

ഈ കവിതയിൽ ഈശ്വരഭക്തി, അനുകമ്പയുള്ള മനസ്സ് , കരുണയില്ലാത്ത മനുഷ്യന്റെ അവസ്ഥ എന്നിവ പറയുന്നു.ഇതെല്ലാം ജാതിമതകോമരങ്ങൾ നിറഞ്ഞാടിയ കാലത്തിന് ഒരു ഷോക്കായിരുന്നു.ഈശ്വരനെ വിളിക്കുന്നത് കരുണാകരാ എന്നാണ്.കാരുണ്യം എറുമ്പിനോടും കാട്ടണം..അപ്പോ മനുഷ്യജാതികൾ സർവ്വതിനോടും വേണം.കാരുണ്യമില്ലെങ്കിൽ മനുഷ്യൻ അസ്ഥിയും തോലും സിരയും നാറുന്ന ഒരു ശരീരം മാത്രമാണ്.മരഭൂമിയിലെ വെള്ളം പോലെ പെട്ടന്ന് വറ്റിപ്പോകും പുരുഷൻ.മാത്രമല്ല അവൻ നിഷ്ഫലമായൊരുനിർഗന്ധ പുഷ്പമായിരിക്കും.സംസ്കൃതത്തേക്കാൾ ശുദ്ധമായ മലയാള പദങ്ങളോട് താത്പര്യം. ചിന്തകൾ പ്രവഹിക്കുന്ന ഭാഷയാണ്.മതത്തെ ആശ്രയിച്ചല്ല ഗുരു സമൂഹത്തെ കാണുന്നത്.പ്രകൃതിയിൽ നിന്നും ലഭിക്കുന്ന പാഠങ്ങളാണ് കാരുണ്യം , ദയ ,അനുകമ്പ എന്നിവ.***ജാതിഭേതം മതദ്വേഷം / ഏതുമില്ലാതെ സർവ്വരും / സോദരത്വേനവാഴുന്ന/മാതൃകാസ്ഥാനമാണിത്***തത്വജ്ഞാനത്തേക്കാൾ സാഹോദര്യ ജീവിതത്തിന് പ്രാമുഖ്യം നൽകുന്ന കവിത.അരുളുള്ളവനാണ് ജീവി എന്നത് നവാക്ഷരിയാണ്.**പേജ് നമ്പർ 90 ചോദ്യം.**...അരുമാമറതുമർത്ഥവും/ഗുരുവോതും...../...../...അഖിലാഗമത്തിനും ഈ വരികളിൽ കാണുന്ന സാമൂഹ്യ വീക്ഷണം..... ഇതിന്റെ ആശയം — മറ=വേദം..വേദവും ഗുരുവും മുനിയുംപറയുന്നവയെല്ലാം ഒരേ മാർഗ്ഗത്തിലുള്ളവയാണ്.സംശയം കൂടാതെ മുന്നോട്ട് പോകുക.

ലാത്തിയും വെടിയുണ്ടയും

പേജ് നമ്പർ 80.ഒരേ കാലഘട്ടത്തിന്റെ 2 മുഖങ്ങൾ - തുടങ്ങുന്ന ചോദ്യം.....തേതിയേടത്തിയും തങ്കവും.തേതിയേടത്തി വീടുപേക്ഷിച്ച് സ്വാതന്ത്ര്യസമരത്തിലേക്ക് സന്യാസത്തിലേക്ക് പോയി.തങ്കം സ്വന്തം മക്കളെ ,സംരക്ഷിച്ച് വീട്ടിനകത്ത് ഒതുങ്ങിക്കൂടി.**പേജ് നമ്പർ 80. വാക്യങ്ങൾ വിശകലനം ചെയ്ത് രൂപവും അർത്ഥവും തമ്മിലുള്ള വ്യത്യാസം.....** ഞാൻ എത്ര നേരമായി കാത്തിരിക്കുന്നു.....ഈ വാക്യം ചോദ്യ രൂപത്തിലല്ലായെങ്കിലും അർത്ഥത്തിൽ ചോദ്യ രൂപമുണ്ട്.ചോദ്യ ചിഹ്നം ഇല്ലാത്തതിനാൽ വിഷമം അറിയിക്കുന്നതായി....അവൾ എന്തൊക്കെ വേദനകളാണ് അനുഭവിച്ചത്?.....ചോദ്യ ചിഹ്നമുണ്ടെങ്കിലും ചോദ്യമില്ല.ആരും ഉത്തരമായി വേദനകളുടെ പട്ടിക പറയില്ല.ഇത് ആത്മഗതമായി പറയുന്നതാണ്.....അവൻ എത്ര നേരം കൊണ്ട് അവിടെ എത്തും?.....ഇത് ചോദ്യമാകാം.ഉത്തരംകിട്ടണം.സ്വയം പിറുപിറുക്കുന്നതാകാം..... എന്തൊക്കെയാണ് ഞാൻ അവിടെ ചെയ്യേണ്ടത്?...ഉത്തരം കിട്ടാനുള്ള ചോദ്യമാണിത്.

വളരെ തിരക്കു പിടിച്ച് തയ്യാറാക്കിയതിന്റെ
അപൂർണ്ണതയാണീ
കുറിപ്പുകൾ...
ക്ലാസ്സിലെ കുട്ടികൾക്ക്
അവസാന ഭാഗത്തിന്റെ
കുറവുകൾ പരിഹരിക്കാൻ
ഒരു ശ്രമം...
നിങ്ങൾക്കും
ഉപകാരപ്പെട്ടെങ്കിൽ

മാത്രം....

ഫിലിപ്പ് .പി.കെ.
സെന്റ്. അലോയ്ഷ്യസ് ഹയർ സെക്കണ്ടറി
എൽത്തുരുത്ത്,തൃശ്ശൂർ